**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 376** **27-01-2026 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണാധികാരത്തിൻ കീഴിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രണാധികാരം കൈമാറി നൽകിയ ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് മുതലായവരെ നിയമിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രൈമറി ഹെൽത്ത് സെന്റർ/ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉച്ചകഴിഞ്ഞ് 1 മണി മുതൽ 7 മണി വരെയുള്ള പ്രവർത്തനത്തിന് ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ 2 ഡോക്ടർമാരെയും രണ്ടു പാരാമെഡിക്കൽ സ്റ്റാഫിനെയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് നിയമിക്കാൻ അനുമതി നൽകിയിരുന്നു. പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ. (കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022) തുടർന്നും ഇതേ രീതിയിൽ നിയമിക്കാൻ അനുമതി നൽകുകയാണുണ്ടായത്. ഇതിനു പുറമെ ആവശ്യമെങ്കിൽ താലൂക്കാശുപത്രികളിലും കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ ബന്ധപ്പെട്ട ആശുപത്രികളിലും ഓരോ ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാനും അനുമതി നൽകിയിട്ടുണ്ട്.<br><br>പതിമൂന്നാം പഞ്ചവൽസര പദ്ധതി മുതൽ നൽകി വരുന്ന മുകളിൽ പറഞ്ഞ അനുമതിയിന്മേൽ നിയന്ത്രണമേർപ്പെടുത്തിയിട്ടില്ല. |
| (ബി) | എങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കാമോ; | (ബി) | തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രൈമറി ഹെൽത്ത് സെന്റർ/ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉച്ചകഴിഞ്ഞ് 1 മണി മുതൽ 7 മണി വരെയുള്ള പ്രവർത്തനത്തിന് ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ 2 ഡോക്ടർമാരെയും രണ്ടു പാരാമെഡിക്കൽ സ്റ്റാഫിനെയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | നിയമിക്കാൻ അനുമതി നൽകിയിരുന്നു. പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ. (കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022) തുടർന്നും ഇതേ രീതിയിൽ നിയമിക്കാൻ അനുമതി നൽകുകയാണുണ്ടായത്. ഇതിനു പുറമെ ആവശ്യമെങ്കിൽ താലൂക്കാശുപത്രികളിലും കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിലെ ബന്ധപ്പെട്ട ആശുപത്രികളിലും ഓരോ ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാനും അനുമതി നൽകിയിട്ടുണ്ട്.<br><br>പതിമൂന്നാം പഞ്ചവൽസര പദ്ധതി മുതൽ നൽകി വരുന്ന മുകളിൽ പറഞ്ഞ അനുമതിയിന്മേൽ നിയന്ത്രണമേർപ്പെടുത്തിയിട്ടില്ല. |
| (സി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യം വേണ്ട സൗകര്യങ്ങളൊരുക്കാൻ ബന്ധപ്പെട്ട സ്ഥാപനത്തിന് സാധിക്കാതെ വരുന്നത് പ്രാദേശികമായി പ്രതിഷേധങ്ങൾക്കിടയാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ആരോഗ്യ സ്ഥാപനങ്ങളിൽ സ്റ്റാഫിനെ നിയമിക്കേണ്ടത് ആരോഗ്യ വകുപ്പിന്റെ ചുമതലയാണെങ്കിലും ആരോഗ്യ മേഖലയ്ക്ക് സർക്കാർ നൽകിയ പ്രത്യേക പരിഗണന കണക്കിലെടുത്താണ് ജനകീയാസൂത്രണ ചരിത്രത്തിൽ ആദ്യമായി പതിമൂന്നാം പദ്ധതിക്കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് കൂടി ഡോക്ടർ/ പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കാൻ അനുമതി നൽകിയത്. ഇതിനു പുറമെ അധിക സ്റ്റാഫിനെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയിൽ (HMC) നിന്ന് നിയമിക്കാൻ ആരോഗ്യ സ്ഥാപന തലത്തിൽ സാധിക്കും. നിലവിൽ HMC ഫണ്ടിന്റെ 40 ശതമാനമാണ് ഇപ്രകാരം നിയമനം നടത്താൻ ഉപയോഗിക്കാവുന്നത്. ഇത് 70 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 15.09.2025-ലെ യോഗത്തിൽ ആരോഗ്യ വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങളിൽ മരുന്ന്, ഉപകരണങ്ങൾ, അറ്റകുറ്റപ്പണി തുടങ്ങിയവയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം വകയിരുത്തി വരുന്നുണ്ട്. അതിനാൽതന്നെ ഇപ്രകാരം സ്റ്റാഫിനെ നിയമിക്കുന്നതിന് കൂടുതൽ HMC വിഹിതം ഉപയോഗിക്കാവുന്നതാണെന്നും ആരോഗ്യ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ ഒരു പുനഃവിചിന്തനത്തിന് സന്നദ്ധമാവുമോ? | (ഡി) | ആരോഗ്യ സ്ഥാപനങ്ങളിൽ സ്റ്റാഫിനെ നിയമിക്കേണ്ടത് ആരോഗ്യ വകുപ്പിന്റെ ചുമതലയാണെങ്കിലും ആരോഗ്യ മേഖലയ്ക്ക് സർക്കാർ നൽകിയ പ്രത്യേക പരിഗണന കണക്കിലെടുത്താണ് ജനകീയാസൂത്രണ ചരിത്രത്തിൽ ആദ്യമായി പതിമൂന്നാം പദ്ധതിക്കാലത്ത് തദ്ദേശഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ നിന്ന് കൂടി ഡോക്ടർ/ പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കാൻ അനുമതി നൽകിയത്. ഇതിനു പുറമെ അധിക സ്റ്റാഫിനെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയിൽ (HMC) നിന്ന് നിയമിക്കാൻ ആരോഗ്യ സ്ഥാപന തലത്തിൽ സാധിക്കും. നിലവിൽ HMC ഫണ്ടിന്റെ 40 ശതമാനമാണ് ഇപ്രകാരം നിയമനം നടത്താൻ ഉപയോഗിക്കാവുന്നത്. ഇത് 70 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 15.09.2025-ലെ യോഗത്തിൽ ആരോഗ്യ വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങളിൽ മരുന്ന്, ഉപകരണങ്ങൾ, അറ്റകുറ്റപ്പണി തുടങ്ങിയവയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം വകയിരുത്തി വരുന്നുണ്ട്. അതിനാൽതന്നെ ഇപ്രകാരം സ്റ്റാഫിനെ നിയമിക്കുന്നതിന് കൂടുതൽ HMC വിഹിതം ഉപയോഗിക്കാവുന്നതാണെന്നും ആരോഗ്യ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ